## 7. ധനകാര്യം

യാത്രക്കാരിൽ നിന്നുള്ള ടിക്കറ്റ് കളക്ഷൻ, വകുപ്പ് വക ജെട്ടികളിലെ സ്റ്റാളുകളിൽ നിന്നും ലഭ്യമാകുന്ന വാടക, ബോട്ടുകൾ പ്രൈവറ്റായി വാടകയ്ക്ക് നൽകുന്നതുമൂലം ലഭ്യമാകുന്ന തുകകൾ ബോട്ടുകളിലും, ചുവരുകളിലും പരസ്യങ്ങൾ പതിക്കുന്നത് മൂലം ലഭിക്കുന്ന തുകകൾ എന്നിവയാണ് വകുപ്പിൻെറ വരുമാനമാർഗ്ഗങ്ങൾ. വിവിധ മതസ്ഥരുടെ ദേവാലയ ഉത്സവവേളകളിൽ വകുപ്പ് പ്രത്യേക ബോട്ട് സർവ്വീസ് നടത്താറുണ്ട്. ഇതുമൂലം വരുമാനം കൂട്ടാൻ വകുപ്പിനു സാധിക്കുന്നുണ്ട്.

വകുപ്പിൻെറ ആഡിറ്റ് വിഭാഗം സീനിയർ സൂപ്രണ്ട് ആഡിറ്റിൻെറ നേതൃത്വത്തിലും, അക്കൗണ്ട്സ് വിഭാഗം, ഫിനാൻസ് ഓഫീസറുടെ മേൽനോട്ടത്തിലും പ്രവർത്തിച്ചുവരുന്നു. ടി വിഭാഗം വകുപ്പിൻെറ 14 സ്റ്റേഷൻ ഓഫീസുകളിലും, മറ്റു മേഖലാ ഓഫീസുകളിലും ആഡിറ്റ് നടത്തുകയും, ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക ക്രമക്കേടുകൾ നടന്നിട്ടുണ്ടെങ്കിൽ വകുപ്പ് അദ്ധ്യക്ഷൻെറ ശ്രദ്ധയിൽ കൊണ്ടുവരുകയും ചെയ്യുന്നു. വകുപ്പിൻെറ ഡോക്ക് ആൻറ് റിപ്പയർ വിഭാഗത്തിൽ വാർഷിക പരിശോധനയും നടത്തിവരുന്നു. സ്റ്റേഷനുകളിലെ യാത്രാ ബില്ലുകൾ ആഡിറ്റ് വിഭാഗം പരിശോധിച്ച് പ്രത്യേക കാലയളവ് നിശ്ചയിച്ച് വർഷത്തിൽ ഒരിക്കൽ സ്റ്റേഷൻ ഓഫീസ് പരിശോധന നടത്തുന്നു. സർപ്രൈസ് സ്ക്വാഡിൻെറ മിന്നൽ പരിശോധന നടത്തുക വഴിയും ക്രമക്കേടുകൾ തടയുന്നതിന് കഴിഞ്ഞിട്ടുണ്ട്.

ഓരോ ബോട്ടിൽ നിന്നും ലഭിക്കുന്ന പാസഞ്ചർ തുക, ഷെഡ്യൂൾ തീരുമ്പോൾ ബന്ധപ്പെട്ട ബോട്ട് മാസ്റ്റർ സ്റ്റേഷൻ ആഫിസിലെ കാഷ്യർ/സ്റ്റേഷൻ മാസ്റ്റർക്ക് കൈമാറുകയും ഈ തുക അതാതു ദിവസം തന്നെ സർക്കാർ ട്രഷറിയിൽ അടക്കുന്നതുമാണ്. ബോട്ട് മാസ്റ്റർ സമർപ്പിക്കുന്ന യാത്രാ ബില്ലുകൾ ആഡിറ്റ് വിഭാഗം പരിശോധിച്ച് കൃത്യത ഉറപ്പു വരുത്തുന്നതും ട്രഷറിയുമായി ബന്ധപ്പെട്ട് റെക്കൻസിലിയേഷൻ നടത്തുകയും, പണം തിരിമറി നടത്തുന്നവർക്കെതിരെ കർശന നടപടിയും സ്വീകരിക്കാറുണ്ട്.

### ബോട്ടുകൾ

ജലഗതാഗത രംഗത്ത് ഇപ്പോൾ നിലവിലുള്ള ചട്ടമായ ഇൻലാൻറ് വെസ്സൽസ് റൂൾ 2010 പ്രകാരമാണ് വകുപ്പിൻെറ ബോട്ട് സർവ്വീസുകൾ നടക്കുന്നത്.